## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1721 18.06.2012 ലെ മറുപടിയ്ക്ക്

### അന്യ സംസ്ഥാന ലോട്ടറി തടയാൻ നടപടി

**ചോദ്യം**
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. കെ. മുരളീധരൻ
ശ്രീ. ലൂഡി ലൂയിസ്

**ഉത്തരം**
ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് അന്യ സംസ്ഥാന ലോട്ടറികൾ നിരോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കുമോ ; | (എ) | സിക്കിം സംസ്ഥാന ഭാഗ്യക്കുറിയുടെ വില്പന രണ്ട് വർഷത്തേയ്ക്ക് താല്ക്കാലികമായി കേരളത്തിൽ നിരോധിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ലോട്ടറികളാണ് നിരോധിച്ചതെന്ന് വിശദമാക്കുമോ ; | (ബി) | സിക്കിം സംസ്ഥാന ഭാഗ്യക്കുറിയുടെ വില്പന രണ്ട് വർഷത്തേക്ക് താല്ക്കാലികമായി കേരളത്തിൽ നിരോധിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ/ഓൺലൈൻ ലോട്ടറി വില്പന, ഇന്റർ നെറ്റിലൂടെയുള്ള ടിക്കറ്റ് വില്പന എന്നിവയും നിരോധിച്ചിട്ടുണ്ട്. |
| (സി) | അന്യ സംസ്ഥാന ലോട്ടറികൾ വിൽക്കുന്നത് കർശനമായി തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) | ഒറ്റ നമ്പർ ലോട്ടറികൾ, നിയമവിരുദ്ധ അന്യസംസ്ഥാന ലോട്ടറികൾ, വ്യാജ ലോട്ടറികൾ എന്നിവയുടെ അനധികൃത ഭാഗ്യക്കുറി വില്പന തടയുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) ശ്രീ. T.P. സെൻകുമാർ തലവനായും, ജില്ലാതല മോണിറ്ററിംഗ് സെൽ അതാത് ജില്ലാ കളക്ടർ തലവനായും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും സംസ്ഥാനതല മോണിറ്ററിംഗ് സെൽ യോഗം ചേർന്ന് സംസ്ഥാനത്താകെ അന്യ സംസ്ഥാന ഭാഗ്യക്കുറികൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സൂക്ഷ്മമായി പരിശോധിച്ച് തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു. നാളിതുവരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി അനധികൃത ഭാഗ്യക്കുറി വില്പനയുമായി ബന്ധപ്പെട്ട് 31 |

| | | | |
|---|---|---|---|
| | | | കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യാജ ലോട്ടറിയുടെ വില്പന ഫലപ്രദമായി തടയുന്നതിന് ഇപ്പോൾ നിലവിലുള്ള സ്ഥിരം സംവിധാനങ്ങളായ സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും ജില്ലാതല മോണിറ്ററിംഗ് സെല്ലും കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ഒരു വിജിലൻസ് സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ